LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 7, വ്യാഴം

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2005 ജൂലൈ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ: ഓർഡർ ..... ഓർഡർ .....

കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

*1 [48] *ഡോ. തോമസ് ഐസക്:*

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

„ *എം. പ്രകാശൻ മാസ്റ്റർ:*

„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസായം നേരിടുന്ന പ്രശ്നങ്ങളും, അതിനുള്ള പരിഹാരമാർഗ്ഗങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) തൊണ്ടും ചകിരിയും കിട്ടുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് കയർ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) തൊണ്ട് സംഭരിക്കുന്നതിന് കയർ ബോർഡ് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ,

(എ) ഉണ്ട്.

(ബി) കയറ്റുമതിരംഗത്ത് കയർ മേഖല ഇന്ന് പ്രതീക്ഷയിലും കവിഞ്ഞ ലക്ഷ്യം കൈവരിച്ചിരിക്കുകയാണ്. എന്നിരുന്നാലും കയർ മേഖലയിൽ ഇപ്പോഴും പല പ്രശ്നങ്ങളും നിലവിലുണ്ട്. ചകിരിയുടെ ദൗർലഭ്യവും വില കൂടുതലും, രണ്ട് മാസം മുമ്പുവരെ ഒരു പ്രധാന പ്രശ്നമായിരുന്നുവെങ്കിലും ഇപ്പോൾ മുമ്പത്തേക്കാൾ കുറഞ്ഞ വിലയ്ക്കും യഥേഷ്ടമായും ചകിരി ലഭിക്കുവാൻ തുടങ്ങിയിട്ടുണ്ട്. പിരി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിലും മിനിമം കൂലിയും കിട്ടുന്നില്ല എന്നത് മറ്റൊരു പ്രധാന പ്രശ്നമാണ്. കൂടാതെ സഹകരണ മേഖലയുടെ തകർച്ച, മറ്റ് പ്രകൃതിദത്ത നാരുകളിൽനിന്നും പ്ലാസ്റ്റിക് നാരുകളിൽ നിന്നുമുള്ള മത്സരം, യന്ത്രവൽക്കരണത്തിന്റെ മാന്ദ്യം, ഗവേഷണ വികസനത്തിന്റെ അപര്യാപ്തത, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, ഉയർന്ന ഉല്പാദനച്ചെലവ്, ഗുണമേന്മക്കുറവ്, വിപണി കണ്ടുപിടിക്കുന്നതിനുള്ള വൈദഗ്ധ്യമില്ലായ്മ, പ്രവർത്തന മൂലധനത്തിന്റെ പോരായ്മ മുതലായവയാണ് കയർ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ലോക വിപണിക്കാവശ്യമായ നൂതനവും ആകർഷകവുമായ വൈദഗ്ധ്യമാർന്ന കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തെ പ്രാപ്തമാക്കുന്നതിനുവേണ്ട സാങ്കേതികവിദ്യയും ഗവേഷണവും വികസിപ്പിച്ചെടുക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ രംഗം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ളത്. ഈ ഉദ്ദേശത്തോടെയാണ് C-DOCT -നെ ഒരു National Coir Research & Management Institute ആയി ഉയർത്താനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് യഥാർത്ഥ തൊഴിലാളികളെ മാത്രം അംഗങ്ങളാക്കിക്കൊണ്ടുള്ള bye-law ഭേദഗതി സർക്കാരിന്റെ പരിഗണനയിലുണ്ട്. പുനരുദ്ധരിക്കാവുന്ന പീഡിത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം ഇപ്പോൾ തന്നെ നൽകി വരുന്നുണ്ട്. സ്ത്രീ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ചുരുങ്ങിയ തോതിലുള്ള സ്ഥിരം വരുമാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കയർ ഉല്പന്നങ്ങൾക്ക് ഒരു brand image ഉണ്ടാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിവച്ചിട്ടുണ്ട്.

(സി) (a) ചകിരിക്ഷാമം പരിഹരിക്കുന്നതിന് അയൽ സംസ്ഥാനങ്ങളിൽനിന്നും ലക്ഷദ്വീപിൽനിന്നും കയർഫെഡും കയർ കോർപ്പറേഷനും വഴി ചകിരി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 2.5 കോടി രൂപ ഈ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ചകിരി ഇറക്കുമതി ചെയ്യുന്നതിന് ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും സുനാമി, ചകിരിയുടെ വിലയിൽ വരുന്ന വ്യതിയാനങ്ങൾ, ആഗോള ടെൻഡർ വിളിക്കുന്നതിനുള്ള നടപടിക്രമം പാലിക്കാനുള്ള സമയം തുടങ്ങിയ കാരണങ്ങളാൽ ഇറക്കുമതിക്ക് താമസം നേരിട്ടിട്ടുണ്ട്.

(b) സംസ്ഥാനത്തെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ സ്ഥാപിച്ചിരുന്ന ഡീഫൈബറിംഗ് മില്ലുകളെ പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ സ്ഥാപിക്കപ്പെടുന്ന ചകിരി മില്ലുകൾക്ക് അവയുടെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50 ശതമാനം, പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡിയായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(c) കുടുംബശ്രീ യൂണിറ്റുകൾ വഴി തൊണ്ടു സംഭരണം ഊർജ്ജിതപ്പെടുത്താനും ജില്ലാ പഞ്ചായത്തുകളോട് ഇതിനുവേണ്ട ധനസഹായം നൽകാനും കയർ ബോർഡിനോട് അടിസ്ഥാന സൗകര്യങ്ങൾ നൽകാനും ഈ പ്രവർത്തനം അവലോകനം ചെയ്യാൻ കയർ പ്രോജക്ട് ആഫീസർമാരുടെ കീഴിൽ കയർ സഹകരണ സംഘങ്ങൾ, കയർബോർഡ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ യൂണിറ്റ് എന്നിവയുടേയും തൊഴിലാളികളുടേയും പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഉപദേശക സമിതികൾ രൂപീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ തൊണ്ട് സംഭരണത്തിന് പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ ഉള്ളതായാണ് മനസ്സിലാക്കുന്നത്. കൂടാതെ ചകിരിച്ചോറുകൊണ്ടുള്ള പരിസ്ഥിതി മലിനീകരണം തടയുന്നതിനുവേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് കയർ തൊഴിലാളികൾക്ക് കയർ പിരിയിലും ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലും പരിശീലനം നൽകുക, കയർ മേഖലയെ നവീകരിക്കാനുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുക, സാങ്കേതിക വിദ്യ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പുതിയ കയറുൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായവും പ്രോൽസാഹനവും നൽകുക, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് വർദ്ധിപ്പിക്കാനായി രാജ്യത്തിനകത്തും പുറത്തും പ്രദർശനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിക്കുക, മാർക്കറ്റ് ഡവലപ്മെന്റ് സഹായം നൽകുക, ഉല്പന്നങ്ങളുടെ ഗുണവർദ്ധനവിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, സൗജന്യ നിരക്കിൽ മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ വിതരണം നടത്തുക എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ കയർ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഐ.സി.ഡി.പി. നടപ്പിലാക്കുന്നതിന്റെ ഒരു വിഹിതവും കയർ ബോർഡ് ലഭ്യമാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കോമൺ മിനിമം പ്രോഗ്രാം പ്രകാരം പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ഫണ്ടിൽനിന്നും കയർ മേഖലയിൽ 8 ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായുള്ള 58.60 കോടി രൂപയുടെ കയർ ക്ലസ്റ്റർ വികസന പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യ വിഹിതം 14.02 കോടി രൂപ 2004-2005 സാമ്പത്തിക വർഷം അനുവദിക്കുകയുണ്ടായി. കേരളത്തിൽ അടുത്ത അഞ്ചു വർഷത്തേയ്ക്ക് കയർ രംഗത്ത് 750 കോടി രൂപയുടെ നിക്ഷേപ സാദ്ധ്യത പുണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു Millennium Mission Document തയ്യാറാക്കി കയർ ബോർഡ് ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.

(ഇ) ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായുള്ള 58.60 കോടി രൂപയുടെ കയർ ക്ലസ്റ്റർ വികസന പദ്ധതി, കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യ വിഹിതം 14.20 കോടി രൂപ 2004-2005 സാമ്പത്തിക വർഷം അനുവദിക്കുകയുമുണ്ടായി. ഇതിൽ തൊണ്ടു സംഭരണത്തിന് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കലും ഉൾപ്പെടുന്നു.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ കയറ്റുമതിരംഗത്ത് കയർ മേഖലയിൽ ഇന്ന് പ്രതീക്ഷയിലും കവിഞ്ഞ ലക്ഷ്യം കൈവരിച്ചിരിക്കുകയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിരോധാഭാസം എന്ന് പറയട്ടെ, മന്ത്രി തന്നെ പറയുന്നത് പിരി മേഖലയിൽ മാത്രമല്ല, നെയ്ത്തു മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിലും കൂലിയും ലഭിക്കുന്നില്ല എന്നാണ്. ഇതാണ് അടിസ്ഥാന പ്രശ്നം. ഇതിന് കാരണം എന്ത് എന്നുള്ളതാണ് നാം പരിശോധിക്കേണ്ടത്. തൊഴിലും കയറ്റുമതിയും എല്ലാം കൂടുമ്പോൾ അതിൽനിന്ന് ന്യായമായ വിഹിതം വിലയായിട്ടും കൂലിയായിട്ടും പണിയെടുക്കുന്നവർക്ക് ഉറപ്പാക്കി കൊടുക്കുന്നതിനുള്ള ഒത്തു തീർപ്പുകൾ പർച്ചേസ് പ്രൈസ് സംബന്ധിച്ചും മിനിമം കൂലി സംബന്ധിച്ചും നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. അത് ചെയ്യാത്തതല്ലേ ഇന്നത്തെ പ്രതിസന്ധിക്കുകാരണം?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : മിനിമം പർച്ചേസ് പ്രൈസ് തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കയർ ആക്ട് പാസാക്കി കഴിഞ്ഞശേഷം അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവകാശം സംസ്ഥാന ഗവൺമെന്റിനില്ല. കേന്ദ്ര ഗവൺമെന്റാണ് അത് ചെയ്യേണ്ടത്. കേന്ദ്ര ഗവൺമെന്റ്, കയർ ബോർഡ്, ഇവരുടെയൊക്കെ പ്രതിനിധികൾ ആണ് മിനിമം എക്സ്പോർട്ട് പ്രൈസും പർച്ചേസ് പ്രൈസും പിൻവലിക്കാൻ തീരുമാനമെടുത്തത്. ഈ ഗവൺമെന്റ് അത് തിരികെ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഡബ്ലിയു.ടി.ഒ. മിനിമം എക്സ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചെങ്കിലും പർച്ചേസ് പ്രൈസ് കൂടി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂലിയുടെ അടിസ്ഥാനത്തിൽ കയർ ബോർഡ് ഒരു വില നിശ്ചയിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. അല്ലാതെ പർച്ചേസ് പ്രൈസോ മിനിമം പ്രൈസോ പ്രഖ്യാപിച്ചിട്ടില്ല. കയർ തൊഴിലാളികൾക്ക് മിനിമം കൂലി കിട്ടുന്നതിനാണ് ഇവിടെ Co-operative Scheme രൂപീകരിച്ചത്. നടത്തുന്നവരുടെ ശ്രദ്ധക്കുറവും അപാകതകളുംമൂലം പകുതിയിൽ കൂടുതൽ സൊസൈറ്റികളും ഇന്ന് വർക്ക് ചെയ്യുന്നില്ല. ഉള്ള സൊസൈറ്റികൾ തന്നെ തൊഴിലാളികൾക്ക് കൂലി കൊടുക്കാനോ വർക്ക് കൊടുക്കാനോ സാധിക്കാത്ത നിലപാടിലേക്ക് നീങ്ങുകയാണ്. മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ വാങ്ങാൻ ആകെ തുകയുടെ മുക്കാൽ ഭാഗവും കയർബോർഡ് കൊടുക്കും. അത് വാങ്ങി സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് കയർ എടുക്കത്തക്ക വിധത്തിലുള്ള നടപടികൾ തുടങ്ങിയിട്ടേയുള്ളൂ. അത് തുടങ്ങിക്കഴിഞ്ഞാൽ തൊഴിലാളികൾക്ക് കൂടുതൽ കൂലി കിട്ടും. അവരെ ആരും ചൂഷണം ചെയ്യില്ല എന്നുള്ള ധാരണയിലാണ് സർക്കാർ ഇപ്പോൾ ഇങ്ങനെ ഉദ്ദേശിച്ചിരിക്കുന്നത്.

ഡോ. തോമസ് ഐസക്: സർ, ഞാൻ ചോദിച്ചില്ല എങ്കിലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ കയർ സഹകരണ മേഖലയോട് നിഷേധാത്മക സമീപനമാണ് സർക്കാർ കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സഹകരണസംഘങ്ങൾ എന്തുകൊണ്ട് പ്രതിസന്ധിയിലായി? സഹായിക്കുന്നതിനു പകരം അതിനെയാകെ തകർത്ത് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കും എന്നാണ് മന്ത്രി ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് കയർ മേഖലയിലെ എല്ലാ യൂണിയനുകളും അസോസിയേഷനുകളും കയർ തൊഴിലുടമാ സംഘങ്ങളും, സർക്കാർ കയർ മേഖലാ സ്ഥാപനങ്ങളുടെ പ്രതിനിധികളും അടങ്ങുന്ന ഒരു കമ്മിറ്റിയെ ഈ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പ്രതിവിധി കണ്ടെത്തുന്നതിനും വേണ്ടി നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റി വിശദമായ റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. അതിൽ ജെ.എസ്.എസ്. ഒഴികെ ബാക്കി മുഴുവൻ തൊഴിലുടമാസംഘങ്ങളും കയർ സഹകരണ പ്രസ്ഥാനത്തെ സഹായിക്കണം എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് ആ റിപ്പോർട്ട് സർക്കാർ പരിഗണിച്ചുവോ, അതുസംബന്ധിച്ച് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ എന്നാണ്. ഏകകണ്ഠമായി എടുത്ത ഈ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ സന്നദ്ധമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഇപ്പോൾ ഡോ. തോമസ് ഐസക് ചോദിച്ചത് കേട്ടാൽ തോന്നുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കയർ സൊസൈറ്റികൾക്ക് ലിക്വിഡേറ്റ് ചെയ്യേണ്ടതായിട്ടുള്ള സ്ഥിതിവിശേഷം ഉണ്ടായത് എന്നാണ്. അങ്ങനെ അല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം നേരത്തെ ലിക്വിഡേറ്റ് ചെയ്യേണ്ട സൊസൈറ്റികൾ എത്രയാണെന്ന് തിരിച്ച് പരിഷ്ക്കരിച്ച് ഉയർത്തിയെടുക്കാൻ കഴിയുമെന്നുള്ളതിനെ ശരിയാക്കി എടുക്കുന്നതിന് ആവശ്യമായിട്ടുള്ള പണം കൊടുത്തു. അത് ഇവർ പറഞ്ഞിട്ടല്ല, ഒരു കയർ സൊസൈറ്റിയും ഇല്ലാതാക്കണമെന്ന് ഗവൺമെന്റിന് ധാരണയില്ല. ഈ നാല് കൊല്ലം കൊണ്ടാണോ ഈ സൊസൈറ്റികളുടെയൊക്കെ പ്രവർത്തനം നിലച്ചത്? അല്ല. സൊസൈറ്റികളുടെ പ്രവർത്തകർ അതിൽ ഉത്തരവാദിത്വം കാണിക്കാതെ വന്നതിന്റെ ഫലമായിട്ടാണ് സൊസൈറ്റികൾ തകർന്നത്. അതുകൊണ്ടാണ് പ്രൊഡക്ഷൻ യൂണിറ്റിലെ ആളുകളെ മാത്രം ഉൾക്കൊള്ളിച്ച് മിൽമ സൊസൈറ്റി പോലെ പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. അതല്ലാതെ ഒരു നടപടിയും ഈ സർക്കാർ സ്വയം സഹായ സംഘങ്ങളോട്, കയർ സൊസൈറ്റികളോട് എടുത്തിട്ടില്ല. മഹിളായോജന കയർ ബോർഡിന്റെ സ്കീമാണ്. റാട്ടിനുള്ള വിലയുടെ നാലിൽ മൂന്നു ഭാഗം സർക്കാരിൽ നിന്ന് കൊടുക്കും. അതുപയോഗിച്ച് അവരെക്കൊണ്ട് ട്രെയിൻ ചെയ്യിച്ച് സ്വയം സഹായ സംഘങ്ങൾ ഉണ്ടാക്കി ആ പണം കൂടി എടുത്തുകൊണ്ട് കയർ വ്യവസായത്തിലെ തൊഴിലാളികളെ നിലനിർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. സൈമൾട്ടേനിയസായി കയർ സൊസൈറ്റികൾ നന്നാക്കുന്നതിനുള്ള നടപടികളും ഉണ്ട്. അതുപോലെതന്നെ സ്വയം സഹായ സംഘങ്ങൾ വളർത്തുന്നതിനുള്ള നടപടികളും എടുക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : കയർ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 4-2-2005-ൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, തൊഴിലാളി പ്രതിനിധികൾ, സഹകരണ സംഘത്തിന്റെ പ്രതിനിധികൾ ഇങ്ങനെ മുഴുവൻ പേരുടെയും പ്രാതിനിധ്യമുള്ള യോഗമാണ് വിളിച്ചുചേർത്തത്. ആ യോഗം കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചു. റിപ്പോർട്ട് സർക്കാരിന് കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞ എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കാൻ തയ്യാറായോ എന്ന ചോദ്യത്തിനുള്ള വ്യക്തമായ മറുപടിയാണ് ആവശ്യം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതുകഴിഞ്ഞതിനുശേഷം പിന്നെയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി, അതിനുശേഷം എടുക്കേണ്ടതായ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനങ്ങൾ എടുത്തു. കമ്മിറ്റിയിൽ ഇവരൊക്കെ അംഗങ്ങളാണ്. തൊണ്ട് സംഭരിക്കുക എന്നുള്ളത് അതിലൊന്നാണ്. തൊണ്ട് സംഭരിക്കുന്നതിനുവേണ്ടി പണം ജില്ലാ കൗൺസിലിനോട് കൊടുക്കാൻ പറഞ്ഞു, ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിൽ അതിനാവശ്യമായ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള കമ്മിറ്റികളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിലനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ എടുത്തപ്പോൾ ഡിപ്പോ സമ്പ്രദായം നിലനിന്നിരുന്നു. ആ സമ്പ്രദായം നിർത്തലാക്കിയതിനുശേഷവും ചില സംഘടനകൾ ഡിപ്പോ സമ്പ്രദായം പോലെ മുതലാളിമാരെ സമീപിച്ച് അവരിൽ നിന്ന് ഓർഡർ വാങ്ങി, കമ്മീഷൻ വ്യവസ്ഥയിൽ വിതരണം നടത്തുന്ന സമ്പ്രദായവുമുണ്ട്. അതിനെ പ്രോൽസാഹിപ്പിക്കുന്നത് ഗവൺമെന്റാണുമല്ല.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, കേരളത്തിൽ കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് ആവശ്യമായ തൊണ്ടിന്റെ ലഭ്യതക്കുറവാണ്. അതേസമയം കേരളത്തിലുള്ള തൊണ്ട് മുഴുവൻ ശേഖരിക്കാൻ സംവിധാനം ഉണ്ടാക്കിയാൽ കൃഷിക്കാരെ സംരക്ഷിക്കാനും കയർ വ്യവസായത്തെ മെച്ചപ്പെടുത്താനും കഴിയും. അതിനാവശ്യമായ എന്തു നടപടിയാണ് സ്വീകരിച്ചത് എന്നാണ് അറിയേണ്ടത്? ഇതിനുവേണ്ടി ഒരു ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ വ്യക്തമാക്കി. അതിൽ തൊണ്ട് ശേഖരണം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് 14.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് എങ്ങനെയാണ് ചെലവഴിച്ചത് എന്ന് പറയാമോ? തൊണ്ട് ശേഖരണം കൃത്യമായി നടത്താൻ ഏതു നിലയിലുള്ള പദ്ധതികളാണ് സർക്കാർ ഇതിനകം നടപ്പിലാക്കിയത്; അല്ലെങ്കിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, അതാണ് ഞാൻ മുമ്പ് പറഞ്ഞത്; എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതായിട്ടുള്ള ഒരു കമ്മിറ്റിയുടെ കാര്യം ചോദ്യത്തിന് ഉത്തരമായി വായിച്ചതിന്റെ കൂട്ടത്തിൽ ഞാൻ പറഞ്ഞു. അതിൽ പറഞ്ഞിരിക്കുന്നത് കുടുംബശ്രീയെക്കൊണ്ട് കളക്ട് ചെയ്യിക്കണമെന്നാണ്. ഒടുവിൽ ഇവരെല്ലാവരും കൂടി ആലോചിച്ച് കഴിഞ്ഞതിനുശേഷം കുടുംബശ്രീ ഒരു ദിവസം വർക്ക് ചെയ്യണമെങ്കിൽ 100 രൂപ അവർക്ക് മിനിമം കൂലി വേണമെന്ന് ആവശ്യപ്പെട്ടതുകൊണ്ട് ഇതിൽ വന്നിരിക്കുന്ന ആളുകൾ ഉൾപ്പെടെ പിൻമാറിയതായിട്ടാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഇവിടെ കയർ പ്രൈമറി സഹകരണ സംഘങ്ങളെ സഹായിക്കുന്ന തരത്തിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിരുത്തരവാദിത്തം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാണ്. കേന്ദ്ര ഗവൺമെന്റ് കയർ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് ധാരാളമായി ഫണ്ട് കൊടുക്കുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക കിട്ടിയിട്ടുണ്ട്; കയർ വ്യവസായ സഹകരണസംഘങ്ങൾക്ക് അതിൽ നിന്ന് എത്ര തുക കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഗവൺമെന്റിന് പുനഃസംഘടിപ്പിക്കാൻ കഴിയുന്നത് പുനഃസംഘടിപ്പിക്കുന്നതാണ്. ഈ സൊസൈറ്റികളിൽ പ്രവർത്തിച്ചി രുന്നവരുടെ നിരുത്തരവാദിത്വം കൊണ്ടാണ് നശിച്ചുപോയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം സൊസൈറ്റികളുടെ പ്രവർത്തനത്തിന് കൊടുത്ത പണം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശമ്പളത്തിനും മറ്റുകാര്യങ്ങൾക്കുമായി എഴുതി എടുക്കുകയാണ്. സൊസൈറ്റികൾക്ക് വർക്ക്ചെയ്യാൻ സാധിക്കാത്തതായിട്ടുള്ള സ്ഥിതിയാണ് ഇന്ന് വന്നിരിക്കുന്നത്.

(ബഹളം . . . . . ബഹളം . . . .) നടക്കുന്നത് അതാണ്.

ശ്രീ. ടി. കെ. ദേവകുമാറിന്റെ സൊസൈറ്റിയും അത് ചെയ്യുന്നുണ്ട്, കായംകുളത്തെ ഒരു സൊസൈറ്റി ഞാൻ പരിശോധിച്ചു. ചെയ്യേണ്ടതായിട്ടുള്ള പ്രവൃത്തി ഒന്നും ചെയ്യാതെ അന്യരുടെ പേരിൽ കുറ്റം ചുമത്തുക എന്നതാണ് സാധാരണ ഇവരുടെ ജോലി. കായംകുളത്തെ ഒരു സൊസൈറ്റിയിൽ 1800 മെമ്പർമാരാണുള്ളത്. കയർ പിരിക്കുന്ന രണ്ട് റാട്ടാണുള്ളത്. ഒടിഞ്ഞുപോയത് ചാമിവച്ചിരിക്കുന്നു. അത് റീ-ഓർഗനൈസ് ചെയ്യുന്നതിനുവേണ്ടി അതിനുകൊടുത്ത പണം ശമ്പളമിനത്തിലും മറ്റിനങ്ങളിലും എഴുതിപ്പോകുകയാണ് ചെയ്തത്. ചെയ്യാനുള്ളത് ചെയ്യണം. അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറഞ്ഞാൽ പോരാ.

മി. സ്പീക്കർ : പ്ലീസ്, ശ്രീ. ടി. കെ. ദേവകുമാർ ..... സർക്കാർ നിരുത്തരവാദപരമായി പ്രവർത്തിച്ചു എന്നുപറയുമ്പോൾ അതിന് മറുപടി പറയാൻ മന്ത്രിക്ക് അധികാരമുണ്ട്. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഒന്നാമത്തെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ല. രണ്ടാമത്തെ ചോദ്യം ചോദിക്കാം. കേന്ദ്ര ഗവൺമെന്റ് കൊടുത്ത സംഖ്യയും സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചതുമാണ് ഞാൻ ആദ്യം ചോദിച്ചത്. 15-3-2005-ന് ഇതേ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയനുസരിച്ച് ഈ കഴിഞ്ഞ സുനാമിയിൽ കയർ സംസ്കരണ മേഖലയിൽ 16,94,407 രൂപയുടെയും സഹകാര്യ മേഖലയിൽ 93,56,681 രൂപയുടേയും നഷ്ടമുണ്ടായതായി മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളെയെല്ലാം രക്ഷിക്കാൻ സാധിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണല്ലോ മന്ത്രി പറഞ്ഞത്. ഇതിൽ എത്ര പണം സുനാമി ഫണ്ടിൽപ്പെടുത്തി നഷ്ടപരിഹാരമായി കൊടുത്തിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കയർ രംഗത്ത് എല്ലാ സ്ഥലത്തുനിന്നും റിപ്പോർട്ട് കിട്ടിയിട്ടില്ല. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ മറുപടി കേൾക്കാൻ തയ്യാറാകണം. നിങ്ങളുടെ ചോദ്യം ഞാൻ കേൾക്കുന്നു. മറുപടി കേൾക്കാൻ നിങ്ങൾ തയ്യാറാകണം. അല്ലാതെ ബഹളംവച്ചിട്ട് എന്താണ് കാര്യം? ചെയ്യാനുള്ളത് ചെയ്യണ്ടേ? ശ്രീ. എം. വി. ജയരാജനാണെങ്കിൽ കയറിന്റെ കാര്യത്തെക്കുറിച്ച് യാതൊന്നും അറിയില്ല. (ബഹളം) ..... കയർ സൊസൈറ്റികൾക്ക് കഴിഞ്ഞ കൊല്ലം ഒരു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപ ഗ്രാന്റ് കൊടുത്തു. കഴിഞ്ഞ പ്രാവശ്യം കൊടുത്തതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. ആ തുക കൊണ്ട് ചില സൊസൈറ്റികൾ ഒഴിച്ച് മറ്റു സൊസൈറ്റികളിൽ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. 837 സൊസൈറ്റികൾ ഉള്ളതിൽ 21 സൊസൈറ്റികളാണ് ലാഭകരമായി നടക്കുന്നത്. മറ്റ് സൊസൈറ്റികൾ നഷ്ടത്തിലാണ്. നഷ്ടം ഇന്നും ഇന്നലെയും തുടങ്ങിയതല്ല, പലതും പ്രവർത്തിക്കാതെയായിട്ട് വളരെ കാലങ്ങളായി. ഗവൺമെന്റിനുള്ള പൈസ വച്ചുകൊണ്ട് ഏതെങ്കിലും വിധത്തിൽ പുനഃരുദ്ധരിക്കാൻവേണ്ടിയാണ് ഈ കഴിഞ്ഞ കൊല്ലം ഒരു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപ ഗ്രാന്റായി കൊടുത്തത്. സൊസൈറ്റികളെ സംബന്ധിച്ച് ഗവൺമെന്റിന് ഒരു വിരോധവുമില്ല. അത് പുനഃസംഘടിപ്പിക്കാനുള്ള നടപടി മാത്രമേ എടുക്കാനുള്ളു. കേന്ദ്ര ഗവൺമെന്റിന്റെ പൈസ എന്തു ചെയ്തു എന്നാണ് ചോദിച്ചത്. കേന്ദ്ര ഗവൺമെന്റ് 14 കോടിയിൽ ചിലാനം രൂപ അനുവദിച്ചതിൽ ഒരു കോടിയിൽ ചിലാനം രൂപയാണ് ട്രേഡ് യൂണിയൻകാർ അടങ്ങുന്ന കമ്മിറ്റികൾക്ക് കൊടുത്തത്. തൊണ്ട് സംഭരിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഇവിടെ കയർ വ്യവസായം നേരിടുന്ന അതിഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്കല്ല മന്ത്രി മറുപടി പറയുന്നതെന്നുള്ളത് ഖേദപൂർവം സൂചിപ്പിക്കേണ്ടിവന്നിരിക്കുന്നു. കേരളത്തിലെ കയർ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരം സൃഷ്ടിച്ചിട്ടുള്ളത് കയർ സഹകരണസംഘങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ സന്ദർഭത്തിൽ കയർ സഹകരണസംഘങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. കയർ സഹകരണസംഘങ്ങൾക്ക് പച്ചത്തൊണ്ട് സംഭരിക്കാൻ കഴിയുന്നില്ല എന്നൊക്കെ പ്രസ്താവിക്കുകയുണ്ടായി. പച്ചത്തൊണ്ട് സംഭരിക്കാൻ കഴിയാത്തതും കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാത്തതും പ്രവർത്തന മൂലധനമില്ലാത്തതിന്റെ ഫലമായിട്ടാണ്. അപ്പോൾ പ്രവർത്തനമൂലധനം നൽകുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അങ്ങനെ കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തമൂലധനം നൽകി ആ സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി തൊഴിൽ നൽകുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇവിടെ പറഞ്ഞത് അദ്ദേഹത്തിന് മനസ്സിലായില്ല എന്നു തോന്നുന്നു. തൊണ്ട് സംഭരിക്കുന്നതിന് ജില്ലാ കൗൺസിലിന്റെ പണമുപയോഗിക്കാൻ പറഞ്ഞിട്ടുണ്ട്. അതിനുപുറമേ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടിയുള്ള പണത്തിൽനിന്ന് തൊണ്ടു സംഭരിക്കാൻ ആവശ്യമായ തുക മാറ്റിവച്ചിട്ടുണ്ട്, അതിന് നിങ്ങളടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതാണ് നടപടി. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കമ്മിറ്റി അംഗീകരിച്ച തീരുമാനമാണ്. ആ തീരുമാനപ്രകാരം ഇപ്പോൾ തൊണ്ടു സംഭരിക്കാൻ സാധിക്കുന്നില്ല. കാരണം കുടുംബശ്രീ ഒരു ദിവസം പണി ചെയ്യാൻ വന്നാൽ 100 രൂപയെങ്കിലും അവർക്ക് കുറഞ്ഞത് കൂലി നൽകണമെന്ന് ആവശ്യപ്പെട്ടു. തൊണ്ടു സംഭരിക്കുകയെന്നു പറഞ്ഞാൽ ഒരു ദിവസം 100 രൂപയുടെ തൊണ്ട് സംഭരിക്കാൻ ചിലപ്പോൾ സാധിക്കാതെവരും. അതുകൊണ്ടാണ് നേരത്തെ അത് പ്രായോഗികമല്ല എന്ന് ഞാൻ പറഞ്ഞത്. ഡീഫൈബറിംഗ് യൂണിറ്റ് വന്നാൽ തൊണ്ടു വന്നുകൊള്ളും. കായംകുളത്തെ ഡീഫൈബറിംഗ് യൂണിറ്റിൽ ആരും തൊണ്ടു സംഭരിച്ചു കൊടുക്കുന്നില്ല. അവർക്ക് തൊണ്ടു കിട്ടിക്കൊള്ളും. അതു പറഞ്ഞിട്ട് കേൾക്കാതെ ഇവരുടെ നിർബന്ധത്തിന്റെ ഫലമായിട്ടാണ് ഞാനും കൂടി കീഴടങ്ങി തൊണ്ടു സംഭരിച്ചുകൊള്ളാൻ പറഞ്ഞത്. അതിനുള്ള പൈസയും കൊടുത്തു. അതാണ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനുവേണ്ടിയുള്ള പണം ഉപയോഗിക്കാൻ പറഞ്ഞത്. ജില്ലാ കൗൺസിലിൽ നിന്ന് പണം ഉപയോഗിക്കാൻ പറഞ്ഞിട്ടുണ്ട്. ഇതിൽ കൂടുതൽ എന്താണ് വേണ്ടത്?

ശ്രീ. ടി. പി. രാമകൃഷ്ണൻ : സംഘങ്ങൾക്ക് ആവശ്യമായ പണം കൊടുക്കാൻ തയ്യാറാണെങ്കിൽ കേരളത്തിൽ ലഭ്യമായ തൊണ്ട് സംഭരിച്ചെടുക്കുന്നതിനുവേണ്ടി കേരളത്തിലെ സംഘങ്ങൾ ഉത്തരവാദിത്വം ഏൽക്കും. അതിന് സഹായകരമായ നിലപാട് സ്വീകരിക്കുകയെന്നുള്ളതാണ് ബഹുമാനപ്പെട്ട കയർവകുപ്പ് ചെയ്യേണ്ടത്. എന്റെ രണ്ടാമത്തെ ചോദ്യം, കയർ മേഖലയുടെ വികസനത്തിന് ഗവേഷണം, വികസനം, നവീകരണം തുടങ്ങിയ പദ്ധതികൾക്കുവേണ്ടി പലപ്പോഴായി ഫണ്ട് മാറ്റിവയ്ക്കുകയും 2003-ൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ നിരവധി പ്രാവശ്യം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ഗവേഷണം, വികസനം, വിപുലീകരണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടിയുടെ ഫലമെന്താണെന്നുള്ളത് വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ആദ്യം സൊസൈറ്റികൾക്ക് പണം കൊടുക്കണമെന്നു പറഞ്ഞു. കമ്മിറ്റി വന്നപ്പോൾ കുടുംബശ്രീയെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പിരിപ്പിക്കണമെന്നുള്ള വിധത്തിലാണ് ആ കമ്മിറ്റിയുടെ തീരുമാനം. ആ തീരുമാനമനുസരിച്ച് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനുവേണ്ടി കൊള്ളിച്ചിരിക്കുന്ന പണം ഉപയോഗിക്കാൻ കയർബോർഡും കമ്മിറ്റിക്കാരും സമ്മതിച്ചു. എന്നാൽ ഇപ്പോൾ തൊണ്ട് സംഭരിക്കാൻ വിഷമമാണെന്നുള്ള നിലപാടാണ് അവസാനം ഞങ്ങളെ അറിയിച്ചിരിക്കുന്നത്. എന്താണെന്നുവച്ചാൽ 100 രൂപ ദിവസം കൂലി കൊടുത്ത് തൊണ്ട് സംഭരിക്കുക മാത്രമേ ഉണ്ടാകൂ. ചകിരിപിരിക്കൽ നടക്കില്ല. ഇത്ര കൂടുതൽ വില കൊടുത്ത് ചകിരി ഉണ്ടാക്കിയാൽ ആരും ആ ചകിരി ഉപയോഗിക്കില്ല. അങ്ങനെ ഒരു സ്ഥിതിവന്നു. ഇപ്പോൾ രണ്ടാമതും സൊസൈറ്റികൾക്ക് കൊടുക്കണമെന്നാണ് പറയുന്നത്. ഏത് സൊസൈറ്റികൾക്ക് കൊടുക്കണമെന്ന് അറിയില്ല. അത് ഗവൺമെന്റ് പരിശോധിച്ചിട്ടില്ല. പരിശോധിച്ചതിനുശേഷം നടപടിയെടുക്കും. രണ്ടാമത് എന്ത് ഗവേഷണം നടത്തിയെന്നാണ് ചോദിക്കുന്നത്. ഗവേഷണം പെട്ടെന്ന് നടത്താൻ പറ്റുമോ? ഗവേഷണസ്ഥാപനം നടത്തുന്നതിനു വേണ്ടിയുള്ള കെട്ടിടങ്ങളും ബാക്കിയുള്ളതെല്ലാം ഉണ്ടാക്കി അതിനായിട്ടുള്ള നടപടിയെടുക്കാൻ കൂടപ്പനക്കുന്നിൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ഗവേഷണ സ്ഥാപനത്തോടും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.സി.എ.ആർ.-നെ കൊണ്ട് ഇക്കാര്യം അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ അത് തള്ളുകയാണുണ്ടായത്. പിന്നെ ഗവേഷണം നടത്തുന്ന ചില ആളുകൾക്ക് പൈസ കൊടുത്ത് അവരെക്കൊണ്ട് ഗവേഷണം നടത്തി അംഗീകരിപ്പിക്കുന്നുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ശ്രീ. ടി. കെ. ദേവകുമാർ ചെയർമാനായിരുന്ന കാലത്ത് ഇക്കോ കയർ വില്ലേജ് എന്ന പേരിൽ, സ്വകാര്യ ഭൂമിയിൽ ശിലാസ്ഥാപനം നടത്തി ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാനെന്ന വ്യാജേന തുക ചെലവഴിച്ചവരുടെ മേൽ എന്ത് നടപടി എടുത്തു എന്ന് വിശദീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : നടപടി ഒന്നും എടുത്തിട്ടില്ല. ശ്രീ. ടി. കെ. ദേവകുമാർ ചെയർമാനായിരുന്ന കാലത്ത് അഞ്ചുലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചു. അന്യന്റെ പറമ്പിൽ കല്ലിട്ടു. അയാൾ ഇപ്പോൾ കല്ല് പൊളിച്ചുമാറ്റി. അതിനെപ്പറ്റി വിജിലൻസ് റിപ്പോർട്ട് വന്നിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (*ശ്രീ. വി. എസ്. അച്യുതാനന്ദൻ*) : ബഹുമാനപ്പെട്ട മന്ത്രി കയർ വ്യവസായത്തെ സംബന്ധിച്ച് ചോദിച്ച ന്യായമായ ചോദ്യങ്ങൾക്ക് എന്തുകൊണ്ടോ വഴിതെറ്റിയ മറുപടി പറഞ്ഞതിന്റെ ഫലമായി ചോദ്യകർത്താക്കൾക്ക് യാതൊരു തരത്തിലുള്ള തൃപ്തിയും വന്നിട്ടില്ല. ഇപ്പോൾ ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ ചോദ്യം കൊണ്ട് അദ്ദേഹത്തെയും ബഹുമാനപ്പെട്ട മന്ത്രിയെയും രക്ഷിക്കാൻ വേണ്ടി വിഫലമായ ഒരു ശ്രമം നടന്നു എന്നല്ലാതെ, അത് കയർ വ്യവസായത്തിന് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലുള്ള ഗുണവും ചെയ്യുന്ന ചോദ്യം ആയിരുന്നില്ല. നാലരലക്ഷത്തോളം വരുന്ന, കയർപിരി, ചെറുകിട ഫാക്ടറികൾ, വൻകിട ഫാക്ടറികൾ ഇതിലെല്ലാമായി പണിയെടുക്കുന്ന തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി സമഗ്രമായ നടപടികളാണ് ഗവണ്മെന്റ് എടുക്കേണ്ടത്. ചെറുകിട ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളും, ചെറുകിട ഫാക്ടറി ഉടമകളുമായ പാവപ്പെട്ട കയർ വ്യവസായികൾ, ഇവരെയെല്ലാംതന്നെ വൻകിട കയറ്റുമതിക്കാരായിട്ടുള്ള ആളുകൾ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. അവരെയെല്ലാം അതിൽനിന്നും രക്ഷിക്കണം. അതുപോലെ സഹകരണ സംഘങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കയർപിരി തൊഴിലാളികളെ സഹായിക്കണം. അതിന് തൊണ്ട് സംഭരണം അനിവാര്യമായ കാര്യമാണ്. തൊണ്ട് സംഭരിക്കുന്നതിനുവേണ്ടി കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിച്ചു, അവർ 100 രൂപ ചോദിച്ചുകളഞ്ഞു എന്നാണ് പറയുന്നത്. താത്കാലിക തൊഴിലാളികൾക്ക് സംസ്ഥാനത്ത് 135 രൂപ കൂലിയുണ്ട്. 100 രൂപ ചോദിച്ചത് വലിയ അപരാധമാണെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എന്തായാലും ഞാൻ പറയുന്നത്, കുടുംബശ്രീ യൂണിറ്റുകളെ മാത്രം ആശ്രയിച്ചാൽ തൊണ്ട് സംഭരിക്കാൻ കഴിയുമോ? ഗവണ്മെന്റ് ഉത്തരവാദബോധത്തോടുകൂടി പണം ചെലവ് ചെയ്ത് തൊണ്ട് സംഭരിക്കുന്നതിനാവശ്യമായ സീരിയസായ നടപടികൾ സ്വീകരിച്ചാലേ ഈ തൊഴിലാളികൾക്ക്, വിശേഷിച്ച് തൊണ്ട് തല്ലുകയും കയർപിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് ആശ്വാസകരമാവുകയുള്ളൂ. ഈ വക കാര്യങ്ങളിലെല്ലാംതന്നെ ഒന്ന് വേർതിരിച്ച് വിശദമായി ചോദ്യകർത്താക്കൾക്ക് ഉത്തരം നൽകണം. നാലരലക്ഷത്തോളം വരുന്ന കയർ തൊഴിലാളികൾക്ക് എന്ത് ചെയ്യാൻ പോകുന്നു എന്ന ആശ്വാസകരമായ നിലയിലുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കുറേ അധികം ചോദ്യങ്ങൾ ചോദിച്ചു. ഞാൻ ഇവിടെ ഒരു പ്രത്യേകതയും പറഞ്ഞില്ല. എന്നെ രക്ഷിക്കുകയും വേണ്ട.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഞാൻ പ്രതീക്ഷിക്കുന്നതെന്ത് പറഞ്ഞാൽ അത് ചോദ്യത്തിന്റെ ആന്തരികാർത്ഥമാണ്. അങ്ങേയ്ക്ക് അത് മനസ്സിലായിട്ടില്ലെങ്കിൽ കഷ്ടം തന്നെ.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എന്നെ ആരും രക്ഷിക്കേണ്ട. ഞാൻ ഫയൽ കണ്ടിട്ട് ഉള്ള കാര്യം പറഞ്ഞതേയുള്ളൂ. എന്താ വേദനിച്ചോ? ശ്രീ. ദേവകുമാർ കല്ലിട്ടു. കുടുംബശ്രീ യൂണിറ്റുകളെക്കൊണ്ട് തൊണ്ട് സംഭരിക്കാനുള്ള തീരുമാനം സി.ഐ.ടി.യു. നേതാവ് മണി ഉൾപ്പെടെ മുഴുവൻ ട്രേഡ് യൂണിയനുകളും തീരുമാനം എടുത്തതാണ്. അതിന്റെ അടിസ്ഥാനത്തിൽ 135 രൂപ ഒരു ദിവസം കൂലികൊടുത്തുകൊണ്ട് 10 തൊണ്ട് സംഭരിച്ചാൽ ഈ വ്യവസായം വളരുമെന്ന വിശ്വാസമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ധാരണ കൂടുതൽ ഡീഫൈബറിംഗ് യൂണിറ്റുകൾ ഈ നാട്ടിൽ ഉണ്ടായാൽ തൊണ്ട് താനേ ഒഴുകിയെത്തും. ഇപ്പോൾ കായംകുളം മേഖലയിൽ നടക്കുന്നത് അതാണ്. അതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. 37 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. നാലെണ്ണം ഇപ്പോൾ തുടങ്ങിക്കഴിഞ്ഞു. ഡീഫൈബറിംഗ് യൂണിറ്റുകൾ ഉണ്ടായാൽ തൊണ്ട് അവിടേയ്ക്ക് പോകുമെന്നാണ് ഗവണ്മെന്റിന്റെ വിശ്വാസം. പക്ഷേ, ബാക്കിയുള്ളവർ എല്ലാംകൂടി നിർബന്ധിച്ചപ്പോൾ ഞാൻ കീഴ്വഴങ്ങിക്കൊടുത്തു. അങ്ങനെ തൊണ്ട് കിട്ടുന്നുണ്ടെങ്കിൽ കിട്ടട്ടേ. അതാണുണ്ടായത്. അതിപ്പോൾ അവർതന്നെ പറയുന്നുണ്ട്, നടക്കുകയില്ല എന്ന്. പുതിയതായി സൊസൈറ്റികളോട് തൊണ്ട് എടുക്കാൻ പറയുന്നു. എടുത്താൽ അവർക്ക് ലോൺ എടുപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എടുത്തു കൊടുക്കും. അദ്ദേഹം നാലു ലക്ഷത്തിൽപ്പരം തൊഴിലാളികളെ പുനരുദ്ധരിക്കാൻ ആവശ്യമായ നടപടികൾ എടുക്കാൻ പറഞ്ഞു. കയർ രംഗത്ത് ഇന്ന് എക്സ്പോർട്ട് കൂടുതലാണ്. 2004-05 വർഷത്തിൽ 473 കോടി രൂപയുടെ എക്സ്പോർട്ട് നടന്നിട്ടുണ്ട്. ചെറുകിടക്കാരെ ചൂഷണം ചെയ്യുന്നതിൽനിന്നും വിടുതൽ ചെയ്യുന്നതിന് 10 ശതമാനം വില കൂട്ടിക്കൊടുത്തിട്ടുണ്ട്. (..... ബഹളം .....)

ശ്രീ. വി. ഡി. സതീശൻ : കയർ എക്സ്പോർട്ടിംഗ്, കയർ ഫാക്ടറികൾ തുടങ്ങി കയർ മേഖലയെ നവീകരിക്കാനുള്ള എല്ലാ പദ്ധതികളും സംഘടിത തൊഴിലാളി വർഗ്ഗം ഉള്ള സ്ഥലം എന്ന നിലയ്ക്ക് ആലപ്പുഴയിൽ കേന്ദ്രീകരിക്കുകയാണ്. ആലപ്പുഴ ജില്ലയുടെ പുറത്ത് പറവൂർ താലൂക്ക് ഉൾപ്പെടെയുള്ള കേരളത്തിലെ നിരവധി പ്രദേശങ്ങളിൽ കയർ തൊഴിലാളികൾ വലിയ കഷ്ടതയിലാണ്. കയർ മേഖലയെ നവീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആലപ്പുഴയ്ക്കു പുറത്തുകൂടി വ്യാപിപ്പിക്കാനും കൊടുക്കുന്ന പണം സഹകരണ സംഘങ്ങൾ വഴിയാണെങ്കിൽ വകമാറ്റി ചെലവഴിക്കാതിരിക്കാനും കർശനമായ നിർദ്ദേശത്തോടുകൂടിയ സഹായ പദ്ധതികൾ നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇൻഡ്യയിലെ എക്സ്പോർട്ടിൽ 98 ശതമാനവും ആലപ്പുഴയിൽ നിന്നാണെന്ന് പറഞ്ഞ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി കേന്ദ്ര ഗവണ്മെന്റ് കൊടുത്ത പൈസയാണ്. സംസ്ഥാന ഗവണ്മെന്റല്ല തന്നത്, 58-ൽ ചില്വാനം കോടി രൂപ ആലപ്പുഴയിലെ പ്രാഥമിക എക്സ്പോർട്ട് പ്രൊമോഷന് കൊടുത്തതാണ്. ആ ഒറ്റ പ്രദേശത്തെ തൊഴിലാളികളോട് വിവേചനം കാണിച്ചതല്ല. സൊസൈറ്റികൾക്ക് ഗവണ്മെന്റിന്റെ കൈയിലുള്ള പൈസ അനുസരിച്ച് ഒരു കോടി മുപ്പത്തിയഞ്ചുലക്ഷം രൂപ കഴിഞ്ഞ പ്രാവശ്യം കൊടുത്തു. ഈ പ്രാവശ്യവും അതിനാവശ്യമായ വിധത്തിൽ മറ്റ് പ്രൊവിഷനുണ്ട്. അതിനാവശ്യമായ നടപടി എടുക്കും. ഒരു പ്രദേശത്തോടും ഗവണ്മെന്റിന് പ്രത്യേകതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : കയർ വ്യവസായവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരുപാട് ചോദ്യങ്ങൾ ഇവിടെനിന്നും ചോദിച്ചു. ബഹുമാനപ്പെട്ട മന്ത്രി നീട്ടി മറുപടി പറഞ്ഞു എങ്കിലും ചോദ്യങ്ങൾക്കുള്ള മറുപടി കിട്ടിയില്ല. കേന്ദ്ര ഗവണ്മെന്റിൽനിന്ന് കയർ, കൈത്തറി തുടങ്ങിയ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് കൊടുക്കുന്ന പണം വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് പലപ്പോഴും ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. കയർ വ്യവസായ പുനരുദ്ധാരണത്തിനായി കേന്ദ്ര ഗവണ്മെന്റിൽനിന്നും കിട്ടുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുന്നു. സഹകരണ സംഘങ്ങൾ, ഈ വ്യവസായത്തിൽ അടിസ്ഥാന സഹകരണസംഘങ്ങൾ എന്നതുകൊണ്ട് സഹകരണ സംഘങ്ങൾക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയാണ്? ആ കുടിശ്ശിക സംഖ്യ നിശ്ചിത സമയത്തിനകം കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : കുടിശ്ശിക എത്രയാണെന്ന കണക്ക് എന്റെ കയ്യിലില്ല. ഇത് കേന്ദ്ര ഗവണ്മെന്റ് തരുന്ന പണമാണ്. ഒരു പ്രത്യേക സൊസൈറ്റിയാക്കിയാണ് 58 കോടി രൂപ വകയിരിത്തിയിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റല്ല അത് ചെലവാക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ സ്കീം വഴി വരുന്നതാണ്. കഴിഞ്ഞ പ്രാവശ്യം കിട്ടിയ ഒരു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപ സൊസൈറ്റികൾക്ക് കൊടുത്തിട്ടുണ്ട്. കൊടുക്കാതിരുന്നിട്ടില്ല. ഇനിയും വരുന്ന പൈസ സൊസൈറ്റികൾക്ക് കൊടുക്കും. അത് വയബിളായിട്ടുള്ള സൊസൈറ്റികളെ നോക്കി കൊടുക്കും. പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി എടുക്കും. ലിക്വിഡേറ്റ് ചെയ്യേണ്ടത് ലിക്വിഡേറ്റ് ചെയ്യും. അതാണ് ഞാൻ മുമ്പ് പറഞ്ഞത്. ഈ സൊസൈറ്റികളെ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. യു. സി. രാമൻ : എന്റെ നിയോജകമണ്ഡലത്തിലെ മുക്കം, മാവൂർ, ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ പല സൊസൈറ്റികളും ഇന്ന് അടച്ചുപൂട്ടിയിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമായ ഒരു വിഷമം ഇവിടേയ്ക്ക് കറന്റ് എടുത്തത് മിനിമം ഗ്യാരന്റി വ്യവസ്ഥയിലാണ്. അതുകൊണ്ട് ഉപയോഗിക്കാത്ത കറന്റിനുപോലും ബിൽ അടയ്ക്കേണ്ട സ്ഥിതിയിലാണ് സൊസൈറ്റികൾ. അവർക്ക് മുമ്പോട്ട് പോകാൻ കഴിയുന്നില്ല. സൊസൈറ്റികൾ ഉപയോഗിക്കുന്ന കറന്റിന്റെ ബിൽ മാത്രം കൊടുക്കുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ സാധിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇക്കാര്യം ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെടാം. ഇതിന്റെ 50 ശതമാനം ഗവൺമെന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : കഴിഞ്ഞ ദിവസം ഈ സ്ഥാപനത്തിന് നേതൃത്വം കൊടുക്കുന്ന ഒരു മാന്യൻ നടത്തിയ പത്രസമ്മേളനവും ബഹുമാനപ്പെട്ട മന്ത്രി ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ എഴുതിക്കൊടുത്തിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നതും രണ്ടു രീതിയിലാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കയർഫെഡിന് അനുവദിച്ച raw-material bank ആർ.സി.പി.-യുടെ രണ്ടാം ഘട്ട വികസനം, ഇക്കോകയർ വില്ലേജ് എന്നീ ബഡ്ജറ്റിൽ അനുവദിച്ച പദ്ധതികൾക്ക് തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒരു രൂപയെങ്കിലും അനുവദിച്ച് കൊടുക്കുകയോ ആ പദ്ധതി തുടർന്നുകൊണ്ട് പോകുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുകയോ ചെയ്തോ, മറിച്ച് ഈ മൂന്ന് പദ്ധതികളുടെയും ഫണ്ട് ലാപ്സാക്കി കളയുകയാണോ ചെയ്തത് എന്ന് മന്ത്രി വിശദീകരിക്കണം? ..... (ബഹളം) ..... ഒന്ന്, raw-material ബാങ്ക് രണ്ട്, ആർ.സി.പി.-യുടെ rubberised കയർ പ്രോഡക്ട് ഫാക്ടറിയുടെ രണ്ടാം ഘട്ട വികസനം, ഇക്കോ കയർ വില്ലേജ് എന്നീ പ്രോജക്ടുകൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ബഡ്ജറ്റിൽ മാറ്റിവച്ച തുകയിൽ തുടർന്നുവന്ന ഗവൺമെന്റ് ഒരു രൂപ അനുവദിച്ചില്ലെന്നും ഈ മൂന്ന് പ്രോജക്റ്റുകളും നിങ്ങൾ എഴുതിത്തള്ളിയെന്നും അംഗീകരിക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 2,50,00,000 രൂപ ചകിരി വാങ്ങുന്നതിന് കയർ ഫെഡ്ഡിനും കയർ കോർപ്പറേഷനും കൊടുത്തു.

മിസ്റ്റർ സ്പീക്കർ : ചോദ്യം നമ്പർ *49-ം, *59-ം ഒന്നിച്ചെടുക്കാം.

വഴിയോര വിശ്രമകേന്ദ്രങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി

*2 [49] *ശ്രീ. ടി. എം. ജേക്കബ് :*

„ *ആർ. ബാലകൃഷ്ണപിള്ള*

„ *ഷിബു ബേബിജോൺ :*

„ *ജോണി നെല്ലൂർ:*

„ *കെ. ബി. ഗണേഷ്കുമാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. ആരംഭിച്ച എത്ര വഴിയോര വിശ്രമകേന്ദ്രങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം; ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) കെ. ടി. ഡി. സി.-യുടെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൂട്ടി കിടക്കുമ്പോൾ 'വഴിയോരം' എന്ന പേരിൽ പുതിയ പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനം എടുത്തതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly